കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

1999 ഡിസംബർ 22, ബുധൻ

വാല്യം 109] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 8

നിയമസഭ 1999 ഡിസംബർ മാസം 22-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ..... ഓർഡർ.....ചോദ്യം നമ്പർ 207

ആനകളുടെ സംരക്ഷണത്തിന് പദ്ധതികൾ

1 (*207) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആനകളുടെ സംരക്ഷണത്തിന് വേണ്ടി സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ആനകൾക്ക് വനങ്ങളിൽ സൈരമായി സഞ്ചരിക്കുന്നതിന് വനങ്ങളോട് ചേർന്ന് കിടക്കുന്ന ഭൂമികൂടി ഏറ്റെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ആനകളുടെ സംരക്ഷണത്തിന് വേണ്ടി ആവിഷ്കരിച്ച 'പ്രോജക്ട് എലിഫെന്റ്' പദ്ധതിയുടെ നടത്തിപ്പ് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ആനകൾ വൈദ്യുതി ഷോക്കേറ്റ് മരിക്കുന്നത് ഒഴിവാക്കാൻ വനങ്ങളിൽ നിലവിലുള്ള വൈദ്യുതി ലൈനുകൾ ഉയർത്തി വലിച്ചുകെട്ടാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) വൈദ്യുതി ഷോക്കേറ്റ് കഴിഞ്ഞ 3 വർഷത്തിനിടയിൽ എത്ര ആനകൾ ചരിഞ്ഞിട്ടുണ്ട് ;

(ജി) വനങ്ങളിൽ വ്യാജവാറ്റുകൾ പടക്കവും അള്ളും വച്ച് ആനകളെ കൊല്ലുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) ഇത്തരം വ്യാജവാറ്റുകാരെ വനങ്ങളിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഐ) ആനകളുടെ സംരക്ഷണം ലക്ഷ്യമാക്കി സമഗ്രമായ ഒരു പദ്ധതിക്ക് രൂപം നൽകാൻ നടപടി സ്വീകരിക്കുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ,

(എ,ബി,സി&ഡി) ആനകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനായി അവയുടെ ആവാസ വ്യവസ്ഥ സംരക്ഷിച്ച് പരിപോഷിപ്പിക്കുക, ആനവേട്ട ഫലപ്രദമായി തടയുക എന്നീ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി 'പ്രോജക്ട് എലിഫെന്റ്' പദ്ധതി 1991-92 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ഇതിനായി നാളിതുവരെ 581.045 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ആനത്താരകൾക്കായി വയനാട്, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിൽ 131.4160 ഹെക്ടർ ഭൂമി വനംവകുപ്പ് ഏറ്റെടുത്തിട്ടുണ്ട്.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) ആറ് ആനകൾ

(ജി) ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എച്ച്) സ്വീകരിച്ചുവരുന്നു.

(ഐ) ഇപ്പോൾത്തന്നെ നിലവിലുണ്ട്.

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : സർ, ആനകളുടെ സംരക്ഷണത്തിന് സ്വീകരിച്ചു വരുന്ന പദ്ധതികളെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് വളരെ ഉദാസീനവും, അശ്രദ്ധവുമായ മറുപടികളാണ് ലഭിച്ചിരിക്കുന്നത് എന്ന് ഖേദപൂർവ്വം പറഞ്ഞുകൊള്ളട്ടെ. കേന്ദ്രസഹായത്തോടുകൂടി 1991-92 മുതൽ നടപ്പിലാക്കി വരുന്ന 'പ്രോജക്ട് എലിഫെന്റ്' പദ്ധതിക്ക് 581.045 ലക്ഷം രൂപ ചെലവ് ചെയ്തതായി കാണുന്നു. അത് ഏതെല്ലാം പദ്ധതികൾക്കാണ് ചെലവഴിച്ചത്. എന്തു നടപടികളാണ് സ്വീകരിച്ചത് എന്നൊന്നും വ്യക്തമാക്കിയിട്ടില്ല. ഈ തുക ചെലവഴിച്ചത് വനം വകുപ്പിലും മറ്റുമുള്ള വെള്ളാനകളെ സംരക്ഷിക്കാൻ വേണ്ടിയിട്ടാണോ എന്ന് അറിഞ്ഞാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ആനകളുടെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുക, അനുയോജ്യമായ തീറ്റപ്പുല്ല്, ഇതര വൃക്ഷതൈകൾ എന്നിവ നട്ടുവളർത്തി ആവാസവ്യവസ്ഥ പരിപോഷിപ്പിക്കുക, മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക, കള നിർമ്മാർജ്ജനം ചെയ്യുക, കണ്ണിയറ്റുപോയ ആവാസവ്യവസ്ഥകളെ കൂട്ടിയിണക്കി ആനകളുടെ സുഗമ സഞ്ചാരത്തിന് വഴിയൊരുക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. നാളിതുവരെയായി ഈ പദ്ധതിപ്രകാരം ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി 62.745 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. 374 ഹെക്ടർ സ്ഥലത്ത് വൃക്ഷതൈകളും, ഈറ്റപ്പുല്ലുകളും, ചെടികളും വച്ചുപിടിപ്പിക്കുകയും, മണ്ണ്-ജല സംരക്ഷണത്തിനായി 4245.556 ഘനമീറ്റർ ഗള്ളി പ്ലഗിംഗ് പല സ്ഥലങ്ങളിലായി നടത്തുകയും, 19 കുളങ്ങളും 14 ചെക്ക് ഡാമുകളും നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 236.67 ഹെക്ടർ സ്ഥലത്ത് കള നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തുകയും, 51.75 ഹെക്ടർ വയൽ പരിരക്ഷിക്കുകയും, പറമ്പിക്കുളം, വയനാട് വന്യജീവി സങ്കേതങ്ങളിലായി 205.50 ഹെക്ടർ തേക്ക്, യൂക്കാലിപ്റ്റസ് തോട്ടങ്ങളെ സ്വാഭാവിക വനമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. സംരക്ഷണ പ്രവർത്തനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. സംരക്ഷണ ആവശ്യത്തിന് പുതിയ വയർലസ് ഉപകരണങ്ങൾ വാങ്ങി വയർലസ് ശൃംഖല പ്രവർത്തനക്ഷമമാക്കുക, വന പരിശോധനയ്ക്കുവേണ്ടി നടപ്പാതകൾ പരിപാലിക്കുക, വാഹനങ്ങളും, ആയുധങ്ങളും ലഭ്യമാക്കുക, ആന്റി പോച്ചിംഗ് ക്യാമ്പ് ഷെഡുകൾ നിർമ്മിക്കുക, സംയുക്ത പെട്രോളിംഗ് നടത്തുക, ആദിവാസികളെത്തന്നെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് വാച്ചർമാരായി നിയോഗിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. മനുഷ്യരും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുക, ഗവേഷണപഠനങ്ങളും, വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും നടത്തുക, എക്കോ ടൂറിസം ഡവലപ്പ്മെന്റ് പദ്ധതി നടപ്പിലാക്കുക ഇതൊക്കെയാണ് ഇതിനുവേണ്ടി നടത്തിവരുന്ന പരിപാടികൾ.

മി. സ്പീക്കർ : മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള സംഘർഷം എന്താണ്?

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, വന്യമൃഗങ്ങളുടെ ആക്രമണത്തിൽപ്പെടുമ്പോൾ ആളുകൾക്കുണ്ടായ ബുദ്ധിമുട്ട് ലഘൂകരിക്കുക, അതിനാവശ്യമായ സഹായം എത്തിക്കുക എന്നുള്ളതാണ്.

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : സർ, എന്തു നടപടി സ്വീകരിച്ചാലും ആനവേട്ട നമ്മുടെ വനങ്ങളിൽ വ്യാപകമായി നടക്കുന്നുണ്ട്. അതുപോലെ വ്യാജവാറ്റുകാരുടെ പ്രവർത്തനങ്ങൾകൊണ്ട് ആനകൾക്ക് സൈര്യക്കേടും നാശവും സംഭവിക്കുന്നുണ്ട്. അതുകൊണ്ട് വനങ്ങളിൽ മൃഗവേട്ട ഫലപ്രദമായി തടയുന്നതിനുവേണ്ടി ഒരു ആന്റി പോച്ചിംഗ് സ്കാഡ് രൂപീകരിച്ച് അതിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ആന്റി പോച്ചിംഗ് ക്യാമ്പുകൾ തന്നെ നടത്തിവരുന്നുണ്ട്.

ശ്രീ. പി. വിശ്വൻ : സർ, കേരളത്തിലെ ആനകൾ ഭംഗിയുള്ളതാണ്. ആനച്ചന്തമെന്നു പറയുന്നത് ആനകളുടെ മൂവ്മെന്റാണ്. ആ ചെറിയ നടത്തവും, വലിയ തടിയും, തലകൊണ്ടുള്ള കുലുക്കവും, നെറ്റിപട്ടവും കൂടി കെട്ടിയാൽ ബഹുഗംഭീരം. കേരളത്തിലെ ആനകൾ മറ്റു സ്റ്റേറ്റുകളിലേക്ക് ചില സീസണിൽ കടന്നുപോകുന്നതായിട്ട് വാർത്തകൾ വന്നിട്ടുണ്ട്. നമുക്ക് ആനസമ്പത്ത് നഷ്ടമാകുന്നുണ്ടോ ; ഉണ്ടെങ്കിൽ അത് തടയുവാനുള്ള സമഗ്രമായ എന്ത് പദ്ധതിയാണ് സർക്കാരിനുള്ളത് ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ആനച്ചന്തത്തെക്കുറിച്ച് ഓരോരുത്തർക്ക് ഓരോ വീക്ഷണമാണ്. ചന്തത്തെയും, സൗന്ദര്യത്തെയും കുറിച്ച് അങ്ങനെയാണ്. എല്ലാവരുടെയും വീക്ഷണം ഒരേ രീതിയിലാകണമെന്നില്ല.

മി. സ്പീക്കർ : ആനച്ചന്തത്തെ സംബന്ധിച്ച് ഒരു പൊതുവീക്ഷണം വേണ്ടേ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, പൊതുവീക്ഷണം രൂപപ്പെടുത്തിയെടുക്കാൻ അത്ര എളുപ്പമല്ല. ആനകൾ മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് വനങ്ങളിലൂടെ കടന്നുപോകുന്നത് ഒഴിവാക്കാനാണ് ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ച പദ്ധതികളൊക്കെ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നത്.

ശ്രീ. പി. വിശ്വൻ : സർ, ആന സർവ്വേ 10 വർഷം കൂടുമ്പോഴാണല്ലോ നടത്താറുള്ളത്. അവസാനത്തെ സർവ്വേയുടെ കണക്കനുസരിച്ച് ഇന്ന് എത്ര ആനകൾ കേരളത്തിലുണ്ട് ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം സംസ്ഥാന തലത്തിൽ വന്യമൃഗങ്ങളുടെ എണ്ണം 1993 മുതൽ 4 വർഷം കൂടുമ്പോൾ കണക്കാക്കിവരുന്നു. 1993-ലെ സെൻസസിൽ ആനകളുടെ എണ്ണം 4,286 എന്ന് കണക്കാക്കിയിരുന്നു. 1997-ൽ ഇത് 5737 എന്ന് കണക്കാക്കിയിട്ടുണ്ട്. ഇതിന്റെ അർത്ഥം ആനകൾക്ക് നാശം സംഭവിക്കുന്നില്ല, വർദ്ധിച്ചുവരുന്നു എന്നാണ്. ഇതുകൂടാതെ നാട്ടാനകളുമുണ്ട്.

ശ്രീ. വർഗ്ഗീസ് വൈദ്യർ : സർ, ആനകളും മനുഷ്യരും തമ്മിലുള്ള സംഘട്ടനം എന്നുപറഞ്ഞു. ഈ സംഘട്ടനം അവസാനിപ്പിക്കണമെങ്കിൽ ട്രെഞ്ച് നല്ലപോലെ കീറി അതിൽ കല്ലുകൊണ്ടുള്ള മതിൽ കെട്ടണം. എന്നാൽ മാത്രമേ സംഘട്ടനം അവസാനിക്കുകയുള്ളൂ. ഇന്നതിന്നത് ചെയ്തു എന്നുപറയുന്നു. വയനാട്ടിൽ ഒരു ചെക്ക്ഡാമും ഉണ്ടാക്കിയിട്ടില്ല. വെള്ളം തടഞ്ഞുനിർത്തി ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചു വന്നാൽമാത്രമേ വേനൽക്കാലത്ത് ആനകൾക്ക് സംരക്ഷണം കൊടുക്കാൻ സാധിക്കുകയുള്ളൂ. അങ്ങനെ വയനാട്ടിൽ എത്ര ചെയ്തിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാൻ സാധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, വയനാട്ടിലെ കാര്യം പ്രത്യേകം പരിശോധിച്ച് അതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നതാണ്.

ശ്രീ. വർഗ്ഗീസ് വൈദ്യർ : സർ, ആന കേരളത്തിന്റെ സമ്പത്താണ് . ആ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാനഗവൺമെന്റും കേന്ദ്രഗവൺമെന്റും ചേർന്ന് എന്തെങ്കിലും തുക പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; അങ്ങനെയാണെങ്കിൽ ആ പ്ലാനിൽ എത്ര ഫണ്ട് കേന്ദ്രത്തിൽ നിന്നും കിട്ടി ; നമ്മൾ എത്ര ഫണ്ട് ഉപയോഗിച്ചു ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ആനകളുടെ സംരക്ഷണത്തെ സംബന്ധിച്ചുള്ള പദ്ധതി നൂറുശതമാനം കേന്ദ്ര സഹായമുള്ള പദ്ധതിയാണ്. ഈ പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാനത്ത് 1991-92 മുതൽ നാളിതുവരെ ലഭിച്ച കേന്ദ്ര സഹായവും ചെലവും ചുവടെ ചേർക്കുന്നു. 1991-92-ൽ 120 ലക്ഷം രൂപ. ചെലവാക്കിയത് 105.190 ലക്ഷം രൂപ. 1992-93-ൽ 28.83 ലക്ഷം രൂപ. ചെലവാക്കിയത് 9.890 ലക്ഷം രൂപ. 1993-94-ൽ 27.69 ലക്ഷം രൂപ. ആ വർഷം കൂടുതൽ ചെലവഴിച്ചിട്ടുണ്ട്. 42.6 ലക്ഷം രൂപ. 1994-95-ൽ 63.58 ലക്ഷം രൂപ. ചെലവാക്കിയത് 59.32 ലക്ഷം രൂപ. 1995-96-ൽ 54.65 ലക്ഷം രൂപ. ചെലവാക്കിയത് 49.6 ലക്ഷം രൂപ. 1996-97-ൽ 77 ലക്ഷം രൂപ. ചെലവാക്കിയത് 69.52 ലക്ഷം രൂപ. 1997- 98-ൽ 84.35 ലക്ഷം രൂപ. ചെലവാക്കിയത് 80.344 ലക്ഷം രൂപ. 1998-99-ൽ 147.40 ലക്ഷം രൂപ. ചെലവാക്കിയത് 145.749 ലക്ഷം രൂപ. 1999-ൽ 60 ലക്ഷം രൂപ. ചെലവാക്കിയത് 18.83 ലക്ഷം രൂപ. അങ്ങനെ ആകെ 603.5 ലക്ഷം രൂപ അനുവദിച്ചതിൽ 581.045 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ശ്രീ. രാജു എബ്രഹാം : സർ, വനം വകുപ്പിന്റെ ശക്തമായിട്ടുള്ള നടപടികൾമൂലം ആനകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു എന്നുള്ളത് അംഗീകരിക്കുകയാണ്. എന്നാൽ ആനകൾ കൃഷിയിടങ്ങളിൽ ഇറങ്ങി ആക്രമണം നടത്തി ലക്ഷകണക്കിന് രൂപയുടെ നാശനഷ്ടങ്ങൾ വരുത്തുന്ന സംഭവങ്ങൾ നിരവധിയുണ്ട്. ഞങ്ങളുടെ അവിടെത്തന്നെ നൂറുകണക്കിന് പരാതികൾ കൊടുത്തിട്ട് ഒറ്റ ആൾക്കും ഇതുവരെ ആനുകൂല്യം ലഭിച്ചിട്ടില്ല. കുറച്ചു ആനുകൂല്യങ്ങൾ കൊടുത്തു എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. ഇത് സംബന്ധിച്ച് ഒരു പരിശോധന നടത്തണം. അതുപോലെതന്നെ പന്നി ആക്രമണം തടയാൻ വോൾട്ടേജ് ചെറിയ രൂപത്തിൽ കടത്തിവിടുന്ന കമ്പിവേലികൾ ഇടാനുള്ള പദ്ധതിയും തയ്യാറായിട്ടുണ്ട്. പക്ഷേ പണം അനുവദിച്ചിട്ടില്ല. അടിയന്തിരമായി ധനസഹായം നൽകി ഈ പ്രശ്നത്തിനു പരിഹാരം കാണുമോ ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ആനകൾ ഉൾപ്പെടെയുള്ള മൃഗങ്ങളുടെ ആക്രമണത്തിൽ നാശനഷ്ടങ്ങൾ സംഭവിക്കുന്നവർക്ക് സഹായം നൽകാനായി ഒരു പദ്ധതിയുണ്ട്. ആ പദ്ധതിയുടെ ഭാഗമായിത്തന്നെ സഹായം നൽകിവരുന്നു. എവിടെയെങ്കിലും കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ അത് ഒഴിവാക്കി കഴിയുന്നത്ര പെട്ടെന്ന് സഹായം നൽകാൻ ശ്രമിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജു എബ്രഹാം : സർ, വന്യമൃഗങ്ങൾ ധാരാളമുള്ള കെനിയ പോലുള്ള രാജ്യങ്ങളിൽ, സഞ്ചരിക്കാൻ വാഹനങ്ങളും ആനസവാരിയും നടത്തുന്നതുകൊണ്ട് വിനോദ സഞ്ചാരയിനത്തിൽ കോടിക്കണക്കിന് രൂപ കിട്ടുന്നുണ്ട്. അതുപോലെ വയനാട്, കൊച്ചുപമ്പ, പറമ്പിക്കുളം തുടങ്ങിയ സ്ഥലങ്ങളിൽ ടൂറിസം വികസനത്തിന് ഇനിയും വളരെയേറെ സാദ്ധ്യതകളുണ്ട്. അവിടെയൊക്കെ എക്കോ ടൂറിസം പദ്ധതി ആവിഷ്ക്കരിച്ച് ടൂറിസം പാക്കേജ് ഉണ്ടാക്കാൻ പ്രോജക്ട് തയ്യാറാക്കാൻ അങ്ങ് തയ്യാറാകുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, എക്കോ ടൂറിസം സംബന്ധിച്ച് സംസ്ഥാനാടിസ്ഥാനത്തിൽ ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്താനുള്ള നിർദ്ദേശം ഗവൺമെന്റ് സജീവമായി പരിഗണിച്ചുവരുന്നു.

ശ്രീ. ജി കാർത്തികേയൻ : സർ, വനസംരക്ഷണത്തിനുവേണ്ടി കഴിഞ്ഞ കുറെ വർഷക്കാലമായി അന്താരാഷ്ട്ര ഏജൻസി ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്നും കോടിക്കണക്കിനു രൂപ സോഷ്യൽ ഫണ്ട് ഉൾപ്പെടെ, വരുന്നുണ്ട്. ആ പണമെല്ലാം ഉപയോഗിച്ച് വനം സംരക്ഷിക്കുന്നതിന്റെ പേരിൽ ഉദ്യോഗസ്ഥൻമാർക്കും സംഘങ്ങൾക്കും സൗകര്യമായി ഉൾവനങ്ങളിൽ എത്തുന്നതിനുവേണ്ടി പുതിയ റോഡുകളും വനത്തിനകത്ത് കോൺക്രീറ്റ് വനങ്ങളും നമ്മൾ ധാരാളം ഉണ്ടാക്കി. അതിന്റെ പേരിൽ മദ്യമാഫിയാക്കാർക്കും വനംവേട്ടക്കാർക്കും പിന്നെ ചില ഉദ്യോഗസ്ഥസംഘത്തിനും സുഗമമായി പ്രവർത്തിക്കാൻ കഴിയുന്നു. അതിന്റെ പേരിൽ ആനകൾക്ക് ഒളിച്ചുനിൽക്കുവാനുള്ള സ്ഥലസൗകര്യം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആന വേട്ടക്കാർക്ക് വനത്തിനുള്ളിൽ സുഗമമായി എത്തുന്നതിനുള്ള സൗകര്യം സർക്കാർ ചെയ്തു കൊടുക്കുകയാണ്. ഈ അടുത്ത കാലത്ത് പേപ്പാറ ഡാം വനത്തിനകത്ത് കൊല്ലപ്പെട്ട, കൊമ്പുകൾ നഷ്ടപ്പെട്ട ആനയുടെ ചിത്രം പത്രത്തിൽ വന്നു. ഇങ്ങനെ ധാരാളം സംഭവങ്ങൾ വരുമ്പോൾ ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിലും പെടാറുണ്ട്. അത് ഗൗരവത്തിലെടുത്ത്, അതിന് നേതൃത്വം കൊടുക്കുന്ന ഉദ്യോഗസ്ഥർ ആരാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ഉദ്യോഗസ്ഥരുടെ അറിവില്ലാതെയാണ് ഇത് നടത്തുന്നത് എന്ന് പറയാൻ സാധ്യമല്ല. ഇതിൽ ഒരു വലിയ സംഘം പ്രവർത്തിക്കുന്നുണ്ട്. ഏതെങ്കിലും ഒരു ഫോറസ്റ്റ് ഗാർഡിനെ പിടിക്കൂടും. അതായത് ആവനാഴിയെ വിടും അമ്പിനെ പിടിക്കും. ഇതിനെതിരെ ശക്തമായ നടപടി എടുക്കുന്നതിനുവേണ്ടി ഗവൺമെന്റ് എന്താണ് സ്വീകരിച്ചിട്ടുള്ളത്? പേപ്പാറ ഡാം വനത്തിനകത്തു കണ്ട സംഭവത്തെക്കുറിച്ച് ഗവൺമെന്റ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : ബഹുമാനപ്പെട്ട അംഗം ഒത്തിരി കാര്യങ്ങൾ പറഞ്ഞു. ഒന്ന് റോഡുകളുടെ പ്രശ്നം. അത് അതിന്റെ ഒരു വശമാണ്. റോഡുകൾ വനത്തിനകത്ത് പാടില്ലായെന്നുള്ള പൊതു നയമാണ് സ്വീകരിച്ചിട്ടുള്ളത്. പക്ഷേ റോഡുകൾ ഉണ്ടാകണം എന്നുള്ള ശക്തമായ ആവശ്യം ഈ സഭയിൽ ഇപ്പുറത്തും അപ്പുറത്തുമിരിക്കുന്നവരുടെ ഭാഗത്തു നിന്നും നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. എന്നു പറഞ്ഞാൽ, പരമ്പരാഗതമായി വനപ്രദേശങ്ങളിൽ താമസിക്കുന്നവരുടെ സഞ്ചാരത്തിന് റോഡ് ആവശ്യമാണ്. ഇത് രണ്ടും കൂടെ പരസ്പരം പൊരുത്തപ്പെടുത്തി ബാലൻസ് ചെയ്തേ

LIBRARY ARCHIVES Kerala Legislative Assembly

പോകാൻ കഴിയൂ. അങ്ങനെയാണ് ശ്രമിച്ചുവരുന്നത്. പേപ്പാറ സംഭവം ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ അടിയന്തിരമായി അന്വേഷിക്കാൻ നിർദ്ദേശം നൽകി കഴിഞ്ഞിട്ടുണ്ട്. അത് സംബന്ധിച്ച വിശദാംശങ്ങൾ ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നതാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : കർണ്ണാടക-കേരള ഫോറസ്റ്റുകൾ ഒരുമിച്ചു ചേരുന്ന ഭാഗത്ത് റിസർവ് വനത്തിനുവേണ്ടി സർക്കാർ നേരത്തെ ഏറ്റെടുത്ത കുറെ സ്ഥലം-മനുഷ്യർ താമസിക്കുന്ന ഭൂമി-രണ്ടു ഫോറസ്റ്റുകളുടേയും ഇടയിൽ വന്നു, കൊട്ടിയൂരാണ് ഞാൻ ഉദ്ദേശിക്കുന്നത്. അവിടെ ഒരു എലിഫന്റ് കോറിഡോർ നിർമ്മിക്കുന്നതിനുവേണ്ട പ്രോജക്റ്റ് 1973-ൽ തയ്യാറായതാണ്. പക്ഷേ കേന്ദ്ര ഗവൺമെന്റിൽ നിന്നും ആ പ്രോജക്ട് അംഗീകരിച്ച് കിട്ടുമ്പോഴേയ്ക്കും വൈകി. ഇപ്പോൾ 95 ലക്ഷം രൂപയാണ് ആ പ്രോജക്ടിനു വേണ്ടി അനുവദിച്ചിട്ടുള്ളതെന്നു പറയുന്നു. രണ്ടരക്കോടി രൂപയുണ്ടെങ്കിൽ മാത്രമേ ആ പ്രോജക്ട് നടപ്പിലാക്കാൻ കഴിയുകയുള്ളൂ. വലിയ ബുദ്ധിമുട്ടാണ്. 73 കുടുംബങ്ങൾ നിരന്തരം ആനയുടെ ഭീക്ഷണിയിലാണ് കഴിയുന്നത്. അവിടെ വല്ലാത്ത രീതിയിൽ വീടും, കാർഷിക വിഭവങ്ങളും എല്ലാം നശിപ്പിക്കപ്പെട്ടിരിക്കുന്നു. എത്രയും പെട്ടെന്ന് ഭൂമി അക്വയർ ചെയ്തു ഈ കുടുംബങ്ങളെ മരണഭീതിയിൽ നിന്നും രക്ഷിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : 1998-99 സാമ്പത്തിക വർഷത്തിൽ ഇടുക്കി ജില്ലയിൽ 208.417 ഹെക്ടറും, വയനാട് ജില്ലയിൽ 55.932 ഹെക്ടറും, കണ്ണൂർ ജില്ലയിൽ 41.987 ഹെക്റും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നേരത്തെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കണ്ണൂർ ജില്ലയിൽ, കൊട്ടിയൂർ വില്ലേജിൽ, നെല്ലിയത്തോട്, അമ്പയത്തോട് ഭാഗത്ത് ഏതാണ്ട് 96,28,000 രൂപ ചെലവഴിക്കാനുള്ള ഒരു പദ്ധതിയാണ് ഉദ്ദേശിക്കപ്പെടുന്നത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : കേരളത്തിൽ ആനകൾ വർദ്ധിക്കുന്നു. അതിനേക്കാൾ കൂടുതൽ പന്നികൾ വർദ്ധിക്കുകയാണ്. നമ്മുടെ സെൻസ്സസ് അനുസരിച്ച് പന്നികളുടെ എണ്ണം വളരെയധികം കൂടുതലാണെന്നാണ് എന്റെ അറിവ്. എക്കോളജിക്കൽ ബാലൻസ് എണ്ണം കൂടിയാലും തെറ്റും എന്നുള്ളതാണ് വസ്തുത. അതുപോലെ തന്നെ കൃഷിക്കാർക്കും ധാരാളം ബുദ്ധിമുട്ടുകൾ ഇത് വർദ്ധിക്കുന്നതുകൊണ്ട് ഉണ്ടാകുന്നു. കൃഷിനാശം സംഭവിക്കുന്നു. അതുകൊണ്ട് ഇത്രയധികം വർദ്ധിക്കുന്നത് തടയാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. എണ്ണം കൂടിയാലും ബാലൻസ് തെറ്റും, കുറഞ്ഞാലും ബാലൻസ് തെറ്റും. പന്നികൾക്ക് അതിന്റെ പ്രത്യേകമായിട്ടുള്ള ചില സ്വഭാവ വിശേഷങ്ങളുണ്ട്. പെറ്റുപെരുകുന്ന കാര്യത്തിൽ. അത് എങ്ങനെ കൈകാര്യം ചെയ്യാം എന്നുള്ളതിനെ സംബന്ധിച്ച് ഒരു വിദഗദ്ധ പഠനം ആവശ്യമാണ്. അത് മുഖാന്തിരമുള്ള ബുദ്ധിമുട്ടുകൾ എങ്ങനെ കഴിയുന്നത്ര ഒഴിവാക്കാൻ കഴിയും, എക്കോ-ബാലൻസ് തെറ്റുന്നതെങ്ങനെ, ഈ വക കാര്യങ്ങളെക്കുറിച്ച് പഠിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസ് ബേബി : സർ, മണ്ണാർക്കാട് താലൂക്കിലെ അട്ടപ്പാടി പ്രദേശത്ത് തമിഴ്നാട്ടിൽ നിന്നുള്ള ആനകൾ കയറി കഴിഞ്ഞ മൂന്നു മാസക്കാലം അവിടെ കണക്കാനം നാശനഷ്ടങ്ങൾ വരുത്തി. കുറെ ആദിവാസി വീടുകൾ നശിപ്പിച്ചു. നിലമ്പൂരിലെ ആനയാണ് പലപ്പോഴും ശല്യം ചെയ്തുകൊണ്ടിരിക്കുന്നത്.

മി. സ്പീക്കർ : അത് നിലമ്പൂരിൽ മാത്രമേയുള്ളോ അതോ പുറത്തും ശല്യം ചെയ്യുന്നുണ്ടോ?

ശ്രീ. ജോസ് ബേബി : സർ, നിലമ്പൂരിലെ ആന പലയിടത്തും ശല്യം ചെയ്യുന്നുണ്ട്. ഇപ്പുറത്ത് മണ്ണാർക്കാടാണ്. അപ്പുറം നിലമ്പൂരും പെർളായിയുമാണ്. അപ്പോൾ നിലമ്പൂരിലെ ആനയുടെ ശല്യമാണ് ഇപ്പുറത്ത് വന്നുകൊണ്ടിരിക്കുന്നത്. എന്തായാലും ആ ശല്യത്തിന് ഇരയായി നാശനഷ്ടം സംഭവിച്ച കൃഷിക്കാർക്ക് നഷ്ടപരിഹാരം കൊടുക്കാനും തമിഴ്നാട്ടിൽ നിന്ന് വന്നിട്ടുള്ള ആനകളുടെ ശല്യത്തിൽനിന്ന് അവരെ രക്ഷിക്കാനായിട്ട് ബോർഡർ ഏരിയായിൽ ഫെൻസിംഗ് ഏർപ്പെടുത്താനും ഗവൺമെന്റ് നടപടി സ്വീകരിക്കുമോ? നഷ്ടപരിഹാരം നിർബന്ധമായിട്ടും കൊടുക്കണം, ഇതുവരെ ചില്ലിക്കാശ് കൊടുത്തിട്ടില്ല. കുറെ വീടുകൾ നശിച്ചിരിക്കുന്നു. അവർക്ക് എന്തെങ്കിലും ധനസഹായം കൊടുക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. ഒരു പൈസയും കൊടുത്തിട്ടില്ല, അത് കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ജോസ്ബേബിയെ ശല്യപ്പെടുത്തിയത് നിലമ്പൂരിലെ ആനയാണോ അതോ തമിഴ്നാട്ടിലെ ആനയാണോയെന്ന് പരിശോധിക്കണം. ആദ്യം തമിഴ്നാട്ടിലെ ആനയാണെന്ന് അദ്ദേഹം പറഞ്ഞുതുടങ്ങി പിന്നീട് നിലമ്പൂർ ആനയാണെന്ന് പറഞ്ഞു. അപ്പോൾ അദ്ദേഹത്തിന് അതിനെക്കുറിച്ച് വ്യക്തമായ ഒരു രൂപമില്ല. ഏതായാലും ആനകളുടെ കാട്ടിലൂടെയുള്ള സഞ്ചാരം തടയാൻ അത്ര എളുപ്പമല്ല. എങ്കിലും അതുമൂലം നാശനഷ്ടം സംഭവിക്കുന്ന കൃഷിക്കാർക്ക് സഹായം എത്തിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. തമ്പാനൂർ രവി : സർ, ഇവിടെ ആനയാണ് വിഷയം. വ്യാജവാറ്റ് വനപ്രദേശത്ത് വളരെ കൂടുതലാണ്. തിരുവനന്തപുരത്ത് തന്നെ രണ്ടു ആനകൾ. ഒരാന വാഷ് കഴിക്കാൻ പോയ സമയത്ത് പടക്കം പൊട്ടിത്തെറിച്ച് ചരിഞ്ഞു, മറ്റൊരു ആനയുടെ കാൽ പഴുത്തുപോയി അതുകൊണ്ട് വനപ്രദേശത്തിനകത്ത് ആനകൾക്ക് സ്വൈരമായി സഞ്ചരിക്കാൻ, വ്യാജവാറ്റ് തടയാൻ വനംവകുപ്പ് പ്രത്യേക നടപടി സ്വീകരിക്കുമോ ? ആനകളെ രക്ഷിക്കാൻ വേണ്ടിയാണ്.

ഡോ. എ. നീലലോഹിതദാസൻ നാടാർ : വനപ്രദേശങ്ങളിൽ വ്യാജവാറ്റ് തടയുന്നതിനും വന്യമൃഗവേട്ട തടയുന്നതിനും കർശനമായ നടപടി സ്വീകരിച്ചുവരുന്നു. വനപ്രദേശങ്ങളിൽ ഫ്ളയിംഗ് സ്കാഡുകളുടേയും എക്സൈസ് പോലീസ് വകുപ്പുകളുടേയും സഹകരണത്തോടെ റെയിഡുകൾ സംഘടിപ്പിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly